## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം: 568 — 07.07.2014 -ൽ മറുപടി നൽകേണ്ടത്

### മരണ രജിസ്ട്രേഷൻ സ്വന്തം നാട്ടിൽ നടത്താൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. സി. ബാലകൃഷ്ണൻ<br>ശ്രീ. പി. എ. മാധവൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പി. സി. വിഷ്ണുനാഥ് | ഡോ. എം. കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി |
| (എ) ഈ സർക്കാരിന്റെ കാലത്ത്, മരണ രജിസ്ട്രേഷൻ സ്വന്തം നാട്ടിൽ നടത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (എ) 16-10-2012 -ലെ 18161/ആർഡി3/12/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ജനന-മരണ രജിസ്ട്രാറുടെ അധികാര പരിധിയ്ക്ക് പുറത്താണ് മരണം നടന്നതെങ്കിൽ മരണം നടന്ന സ്ഥലത്ത് 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട് പ്രകാരം പ്രസ്തുത മരണം രജിസ്റ്റർ ചെയ്യിട്ടില്ല എങ്കിൽ ടി ആക്റ്റിലെ 8, 9 വകുപ്പുകൾ പ്രകാരം മരണം നടന്ന സ്ഥലത്ത് നിന്ന് ലഭിയ്ക്കുന്ന വിവരങ്ങൾ ചേർത്ത് ജനന-മരണ രജിസ്ട്രാർക്ക് മരണം രജിസ്റ്റർ ചെയ്യാവുന്നതാണ്. |
| (ബി) ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ഉണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് 16-10-2012 -ൽ 18161/ആർഡി3/12/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) എന്തെല്ലാം കാര്യങ്ങളാണ് ആരംഭിച്ചിട്ടുള്ളത് ; വിശദമാക്കുമോ ; | (സി) ജനന മരണ രജിസ്ട്രാറുടെ അധികാരപരിധിയ്ക്ക് പുറത്തു സംഭവിക്കുന്ന മരണം സംഭവസ്ഥലത്തെ യൂണിറ്റിൽ രജിസ്റ്റർ ചെയ്യിട്ടില്ലാ എങ്കിൽ മരണം നടന്ന സ്ഥലത്തു നിന്ന് ലഭിയ്ക്കുന്ന വിവരം ചേർത്ത് ജനന മരണ രജിസ് ട്രാർക്ക് മരണം രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് സർക്കാർ ഉത്തരവ് എല്ലാ ജനന മരണ രജിസ് ട്രാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ 06-06-2014-ലെ 53800/ആർ.ഡി3/13/തസ്വഭവ നമ്പർ കത്ത് പ്രകാരം മറ്റു സ്ഥലങ്ങളിൽ മരണം നടക്കുകയും ശവസംസ്കാരം സ്വന്തം സ്ഥലത്ത് നടത്തുകയും ചെയ്യുന്ന നിരവധി കേസുകൾ നിലനിൽക്കുന്നതിനാൽ ഇക്കാര്യങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് പുതുക്കിയ ഒരു കരട് സർക്കുലർ അടിയന്തിരമായി ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇത് നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | സംസ്ഥാനത്ത് 978 ഗ്രാമപഞ്ചായത്തുകൾ, 60 മുനിസിപ്പാലിറ്റികൾ, 5 കോർപ്പറേഷനുകൾ, കണ്ണൂർ കന്റോൺമെന്റ് ബോർഡ് ഉൾപ്പെടെ 1044 രജിസ്ട്രേഷൻ യൂണിറ്റുകളിലെ രജിസ്ട്രാർമാർ 16-10-2012 ലെ 18161/ആർഡി3/12/തസ്വഭവ നമ്പർ സർക്കുലർ പ്രകാരമുള്ള നിർദ്ദേശം പാലിച്ച് രജിസ്ട്രേഷൻ നടത്തി വരുന്നു. |

Vajeen

സെക്ഷൻ ഓഫീസർ